## വിപണി

# ലോകം

ലങ്കരിച്ചാണ് വ്യപരികൾ ഉപഭോക്താക്കാളെ സ്വാഗതം ചെയ്യുന്നത്.

എന്നാൽ കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ പെയ്ത കനത്ത മഴ വിപണിക്ക് നേരിയ മാന്ദ്യമായിട്ടുണ്ടെന്ന് വ്യാപാരികൾ പറഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു കൂടുതൽ വിൽപ്പനയാണ് ഇക്കുറി പ്രതീക്ഷിക്കുന്നത്.

# വിശ്വജ്യോതിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് സെമിനാർ

**വാഴക്കുളം:** വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സെമിനാർ നടത്തി. ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും ഡാറ്റാ സയൻസിലുമുള്ള സാധ്യതകളെപ്പറ്റി കൊച്ചി ടിസിഎസിലെ വിദഗ്ധർ ക്ലാസുകൾ നയിച്ചു.

സമാപന സമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ കെ.കെ. രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, മെൽവിൻ സി. ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

ഐടി ഇൻഡസ്ട്രിയിലെ ഏറ്റവും പ്രാമുഖ്യമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗത്തിലെ വിവിധ വിഷയങ്ങളിൽ നടത്തിയ സെമിനാർ അവസാന വർഷ വിദ്യാർഥികളുടെ പ്രോജക്റ്റ് വർക്കുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അനന്തസാധ്യതകൾ വിനിയോഗിക്കാൻ വിദ്യാർഥികൾക്ക് സഹായകരമാകും.



**വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തവർ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗം പ്രോഗ്രാം കോ ഓർഡിനേറ്റർ മെൽവിൻ സി. ജോസ്, സതീഷ് ചന്ദ്രൻ, പ്രിൻസിപ്പൽ കെ.കെ. രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു എന്നിവരോടൊപ്പം.**